प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഡിസംബർ 12, 2018

**ശ്രീ ശക്തികാന്തദാസ് ആർ ബി ഐ ഗവർണ്ണറായി നിയമിക്കപ്പെട്ടു**

ഗവർൺമെൻറ് ഓഫ് ഇൻഡ്യയുടെ ധനമന്ത്രകാര്യാലയത്തിലെ റവന്യൂ ആൻഡ് എക്കണോ മിക് അഫയേഴ്സ് വിഭാഗം മുൻ സെക്രട്ടറി ശ്രീ ശക്തികാന്തദാസ്, ഐ എ എസ് (റിട്ടയേർഡ്) റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 25-ാമത് ഗവർണറായി, 2018 ഡിസംബർ 12 ന് ചാർജ്ജെടുത്തു. നിലവിലെ നിയമനത്തിനു തൊട്ടുമുമ്പ് അദ്ദേഹം പതിനഞ്ചാമത് ധനകാര്യകമ്മിഷനിലെ ആക്ടിംഗ് അംഗവും ഇൻഡ്യയുടെ ജി 20 ഷെർപായു മായിരുന്നു.

കഴിഞ്ഞ 38 വർഷങ്ങളിലായി, ശ്രീ ശക്തികാന്ത ദാസിന് ഭരണ നിർവഹണ ത്തിൻറെ വിവിധമേഖലകളിൽ വിപുലമായ പരിചയമുണ്ട്. ശ്രീ ദാസ്, കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, ധനകാര്യം, നികുതിനിർവഹണം, വ്യവസായം, പശ്ചാത്തല വികസനം തുടങ്ങിയ മേഖലകളിൽ സുപ്രധാന പദവികൾ വഹിച്ചിട്ടുണ്ട്.

ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ ധനകാര്യവകുപ്പിലെ ദീർഘകാലത്തെ ഉദ്യോഗകാലാവധിയിൽ അദ്ദേഹം എട്ടോളം യൂണിയൻ ബഡ്ജറ്റുകൾ തയാറാക്കു ന്നതിൽ സഹകരിച്ചിട്ടുണ്ട്. ലോക ബാങ്ക്, ഏഷ്യൻ ഡവലപ്പ്മെൻറു ബാങ്ക് (എ ഡി ബി) ന്യൂ ഡവലപ്പ്മെൻറു ബാങ്ക് (എൻ ഡി ബി) ഏഷ്യൻ പശ്ചാത്തല നിക്ഷേപ ബാങ്ക് (എ ഐ ഐ ബി) എന്നീ സ്ഥാപനങ്ങളിൽ ആൾടെർനേറ്റ് ഗവർണറായും സേവനമനുഷ്ഠി ച്ചിട്ടുണ്ട്. ഐ എം എഫ്, ജി20, ബി ആർ ഐ സി എസ് (ബ്രിക്സ്) എസ്. എ. എ. ആർ. സി (സാർക്ക്) എന്നീ. അന്തർദേശിയ ഫോറങ്ങളിലും ഇൻഡ്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്.

ശ്രീ ശക്തികാന്തദാസ്, ഡൽഹി യൂണിവേഴ്സിറ്റി, സെയിൻറ് സ്റ്റീഫൻസ് കോളേജിൽ നിന്നുള്ള ഒരു ബിരുദാനന്തര ബിരുദധാരിയാണ്.

ജോസ് ജെ കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പ്രസ്സ് റിസീസ് 2018-2019/1362